

രണ്ടു ദിവസം വല്ലയിടത്തും താമസിച്ച് വന്ന നിന്നെ വീട്ടിൽ കയറ്റാൻ ഞാൻ ശ്രീ രാമനല്ല

# രാമായണത്തിലെ സദാചാര ഗുണ്ടായിസം

**സുധീർ പണിക്കവീട്ടിൽ**

‘‘രാജ്ഞിയുടെ ശാരീരിക ശുദ്ധിയിൽ ശങ്കയുണ്ട്. ഒരു വർഷം അന്യന്റെ വസതിയിൽ താമസിച്ച ഒരുവൾ കളങ്കപ്പെട്ടിട്ടില്ലെന്നു പറയാൻ ആർക്കു കഴിയും.’’ പറയുന്നത് ഒരു മണ്ണാൻ. അയോദ്ധ്യയുടെ സിംഹാസനത്തിലിരുന്നു ശ്രീരാമചന്ദ്രൻ എന്ന രാജാവ് ഒരു നിമിഷം തളർന്നുപോയി. സാകേത്പുരിയിലെ ജനങ്ങൾ പരസ്പരം മുഖത്തോടു മുഖം നോക്കി. ഈ വിഷയം അവതരിപ്പിക്കാൻ മണ്ണാനു ഭയമുണ്ടായിരുന്നെങ്കിലും തന്റെ പ്രജകൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും പൗരാവകാശവും നൽകുന്നുവെന്ന രാജാവിന്റെ ഉറപ്പിന്മേൽ മന്ത്രിമാരും, പൗരാവലിയും എല്ലാവരും സന്നിഹിതരായ സഭയിൽ മണ്ണാൻ തന്റെ കുലതൊഴിലായ വിഴുപ്പലക്ക് പോലെ അയാൾക്ക് തോന്നിയത് അലക്കി.

അയാളുടെ ഭാര്യ വഴക്കിട്ട് അയൽപക്കത്ത് വീട്ടിൽ പോയി രണ്ടു ദിവസം താമസിച്ച് വന്നപ്പോൾ അവളെ സ്വീകരിക്കാൻ അയാൾ തയ്യാറായില്ല. നിന്നെ സ്വീകരിക്കാൻ ഞാൻ ശ്രീരാമനല്ലെന്നു അയാൾ അലറികൊണ്ട് ആക്രോശിച്ചു. ഒരു പക്ഷെ പവിത്രമായ ഭാരതഭൂമിയിലെ ആദ്യത്തെ സദാചാരഗുണ്ടയായിരിക്കും ഈ മണ്ണാൻ. സദാചാരം പ്രസംഗിക്കുന്നവർ അതു പാലിക്കുന്നില്ലെന്നുള്ളത് അറിയാവുന്ന ജനം വീർപ്പടക്കി നിന്നു. "ആരവിടെ, ഇവനെ പിടിച്ച് കെട്ടി, കഴുത്തറുത്ത് കൊല്ലുക" ശ്രീരാമചന്ദ്രൻ അങ്ങനെ കൽപ്പിക്കുമെന്നു ജനം വിശ്വസിച്ചു. പക്ഷെ രാജൻ ആലോചനാനിമഗ്നനായിരുന്നു. നാട്ടുകാർ തൻെറ ഭരണത്തെക്കുറിച്ച് എന്തു പറയുന്നു എന്നറിയാൻ ഏൽപിച്ച രഹസ്യദൂതന്മാരാണ് ഈ മണ്ണാനെ കൊട്ടാരത്തിൽ കൊണ്ടു വന്നത്. മണ്ണാന്‌ കൂസൽ ഒന്നുമുണ്ടായിരുന്നില്ല. അയാൾ സദാചാരത്തെക്കുറിച്ച് പറയുകയാണ്.

സനാതനധർമ്മം വിവരിക്കുന്ന പുരുഷാർത്ഥം ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നീ നാലു കാര്യങ്ങൾ അടങ്ങുന്നതാണു. ഇതിൽ ധർമ്മമാണു പ്രധാനം. ധർമ്മനുസരിച്ചാണ് നമ്മൾ കർമ്മങ്ങൾ ചെയ്യേണ്ടത്.. അതു നമ്മുടെ സദാചാരബോധത്തെ നിയന്ത്രിക്കുന്നു. ഇവിടെ വിവരംകെട്ട മണ്ണാൻ അവനറിയുന്ന ചില സദാചാരചിട്ടകളിൽ ഊന്നി നിന്നുകൊണ്ട് രാജ്ഞിയെ കുറ്റപ്പെടുത്തുകയാണു. രാജഭരണമെങ്കിലും പ്രജകൾക്ക് സ്വാതന്ത്ര്യമനുവദിച്ചിട്ടുള്ളത്കൊണ്ട് മണ്ണാൻ അവൻെറ അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്നു. മണ്ണാനോട് ശ്രീ രാമൻ സൗമ്യമായി പറയുന്നു. ലങ്കയിൽ നിന്നും പോരുന്നതിനു മുമ്പ് സീതാദേവി അഗ്നിപരീക്ഷയിൽ ജയിച്ചിട്ടുണ്ട്. അതുകൊണ്ട് നിങ്ങളാക്ഷേപിക്കുന്ന കുറ്റത്തിനു ദേവി വിധേയയല്ല. മണ്ണാനു സീതാദേവിയോട് ഏതോ മുൻജന്മ പ്രതികാരമുണ്ടെന്നു തോന്നുമാറു മണ്ണാൻ പറഞ്ഞു. ''ആ പരീക്ഷ ഞങ്ങൾ അയോദ്ധ്യവാസികൾ കണ്ടിട്ടില്ല.'' ഇവിടെ മണ്ണാൻെറ ധാർഷ്ട്യം ശ്രദ്ധിക്കുക. അഗ്നിപരീക്ഷ ജയിച്ച കുലീന നാരിയായ സ്ത്രീയേയും തൻെറ ഭാര്യയേയും ഒരെപോലെ അയാൾ കാണുന്നു. സദാചാര ഗുണ്ടകൾ പരദൂഷണവീരന്മാരുടെ മാതാപിതാക്കളാണ്. മറ്റുള്ളവരുടെ സദാചാരശീലത്തെപ്പറ്റി അപവാദം പറഞ്ഞു നടക്കുന്നു ഈ കൂട്ടർ. വാൽമികി എഴുതിയതല്ലെന്നു പറയുന്നെങ്കിലും മണ്ണാനെ കുറിച്ച് ചിലയിടത്തൊക്കെ പരാമർശങ്ങൾ ഉണ്ട്. അയാൽ അടുത്ത യുഗത്തിൽ അതായ്ത് ദ്വാപുര യുഗത്തിൽ വീണ്ടും മണ്ണാനായി ജനിച്ചുവത്രെ. അവിടെ വച്ച് ഭഗവാൻ ക്രുഷ്ണനുമായി വഴക്കുണ്ടാക്കുകയും ഭഗവാൻ അവൻെറ തലമണ്ട തല്ലിതകർക്കയും ചെയ്തു. അധർമ്മം വളരുമ്പോൾ ധർമ്മസംസ്ഥാപനാർത്ഥം ഭഗവാൻ ജനിക്കുന്നുവെന്നല്ലോ ഭക്തർ കരുതുന്നത്. പക്ഷെ മണ്ണാൻ വീണ്ടും മലയാളിയായി ജനിച്ച് അവൻെറ പരദൂഷണം തുടരുന്നു.

പത്മപുരാണത്തിലെ ഒരു കഥപ്രകാരം ഈ മണ്ണാൻ കഴിഞ്ഞ ജന്മത്തിൽ (സത്യയുഗത്തിൽ) ഒരു തത്തയായിരുന്നുവത്രെ. മുട്ടയിടാറായ തൻെറ ഇണയോടൊപ്പം കളിക്കുമ്പോൾ അവിടെയുണ്ടായിരുന്ന ബാലികയായ സീത അവരെ തടഞ്ഞ് വച്ചു. അവസാനം ആൺതത്തയോട് പറന്നു പൊയ്കൊള്ളാൻ പറഞ്ഞു. പക്ഷെ പെൺതത്തയെ

വിട്ടുകൊടുക്കാൻ ആൺതത്തയോ തയ്യാറായില്ല. പെൺതത്ത ചത്തുപോയി. അപ്പോൾ ആൺതത്ത ശപിച്ചുവത്രെ. അടുത്ത ജന്മത്തിൽ നീ ഗർഭിണിയായിരിക്കുമ്പോൾ നിന്നെ ഞാൻ ഭർത്താവിൽ നിന്നു പിരിക്കും. മരണസമയത്ത് ചീത്ത കാര്യം നിരൂപിച്ചത്കൊണ്ട് തത്ത മണ്ണാനായി ജനിച്ചുവെന്നു വിശ്വാസം.

മണ്ണാൻെറ ആരോപണം ശ്രീരാമൻ ചർച്ചക്കായി എടുത്തു. അലക്കുകാരുടെ സമൂഹത്തിൽ സീതയെപ്പറ്റി നല്ല അഭിപ്രായമില്ല. അവരെ മുഴുവൻ കൊലചെയ്യാൻ പ്രയാസമാണു. ആയിരം കുടത്തിൻെറ വായ കെട്ടാം ഒരു മനുഷ്യൻെറ വായ കെട്ടാൻ പറ്റില്ലെന്ന ചൊല്ലു ശ്രീരാമൻ ശരി വയ്ക്കുന്നു. അദ്ദേഹത്തിനറിയാം സീത കളങ്കരഹിതായാണെന്നു. പക്ഷെ അദ്ദേഹം രാജാവാണു. പ്രജകളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടവനാണു അവരുടെ പ്രതീക്ഷകൾക്കൊപ്പം ജീവിക്കേണ്ടവനാണു, മാതൃകയാകേണ്ടവനാണു. ശ്രീരാമൻ സീതാ ദേവിയെ ഉപേക്ഷിക്കാൻ തീരുമാനിച്ചു. അങ്ങനെ മര്യാദപുരുഷോത്തമനായ രാമൻ ഗർഭിണിയും നിരാലംബയുമായ തൻെറ രാജ്ഞിയെ കാട്ടിൽ കൊണ്ടു വിടാൻ കൽപ്പനയിട്ടു. എന്നാൽ ഈ കഥ വാൽമികി എഴുതിയിട്ടില്ലെന്ന് പണ്ഡിതരുടെ ഇടയിൽ അഭിപ്രായമുണ്ടു. പുരുഷോത്തമനായ ഒരാളെയാണ് വാൽമികി രാമനിൽ കണ്ടത്. അതുകൊണ്ട് അദ്ദേഹം രാമനിൽ ഇത്തരം വീഴ്ച്ചകൾ വരുത്തില്ലെന്ന് വിശ്വസിക്കുന്നവർ ഉണ്ട്. മേൽപറഞ്ഞ കഥ വാൽമികി രാമായണത്തിൽ ഇല്ലെന്നും അതു പിന്നീടു കൂട്ടിച്ചേർത്തതാണെന്നും വാദിക്കുന്നവരുണ്ടു. അതിനു തക്ക കാരണങ്ങളും അവർ നിരത്തുന്നുണ്ട്.

വാൽമികി രാമായണം യുദ്ധകാണ്ഡത്തോടെ അവസാനിക്കുന്നു. എല്ലാ പുണ്യഗ്രന്ഥങ്ങളും അവസാനിക്കുന്നത് "ഫലശ്രുതിയെപ്പറ്റി" പറഞ്ഞുകൊണ്ടാണു. വാൽമീകിയും അതു തന്നെ ചെയ്തിരിക്കുന്നു. അതുകൊണ്ട് ഫലശ്രുതിയോടെ ഗ്രന്ഥം അവസാനിച്ചുവെന്നുവേണം കരുതാൻ. രാമായണം വായിച്ചാൽ ലഭിക്കുന്ന നന്മകളെക്കുറിച്ച് വാൽമികി വിവരിക്കുന്നു. എഴുത്തച്ഛൻെറ അദ്ധ്യാത്മരാമായണത്തിലും ഇതു തന്നെ പറയുന്നു.

മൈത്രീകരം ധനധാന്യ വ്രുദ്ധിപ്രദം
ശത്രുവിനാശനമാരോഗ്യവർദ്ധനം
.......
സൗഖ്യപ്രദം സകലാഭീഷ്ടസാധകം
ഭക്ത്യാ പഠിക്കലും ചൊല്ലിലും തൽക്ഷണേ
മുക്തനായീടും മഹാപാതകങ്ങളാൽ
അർത്ഥാഭിലാഷി ലഭിക്കും മഹാധനം
പുത്രാഭിലാഷി സുപുത്രനേയും തഥാ..

ഇങ്ങനെയൊക്കെ പറഞ്ഞു അവസാനം ഇങ്ങനെ കൂട്ടിചേർക്കുന്നു.

......
നിത്യവും ശുദ്ധബുദ്ധ്യാ ഗുരുഭക്തിപൂ–
ണ്ടദ്ധ്യയനം ചെയ്കിലും മുദാ കേൾക്കിലും
സിദ്ധിക്കുമെല്ലാമഭീഷ്ടമെന്നിങ്ങനെ
ബദ്ധമോദം പരമാർത്ഥമിതൊക്കവെ... **(അദ്ധ്യാത്മരാമായണം യുദ്ധകാണ്ഡത്തിൽ നിന്നു)**

ഈ വരികൾ തന്നെ വ്യക്തമാക്കുന്നത് രാമകഥ പറഞ്ഞു കഴിഞ്ഞു ഇനി നിങ്ങൾ അതു വായിച്ച് അനുഗ്രഹം പ്രാപിക്കുവിൻ എന്നാണു. തന്നെയുമല്ല യുദ്ധകാണ്ഡത്തിൽ ശ്രീരാമന്റെ ഭരണത്തെക്കുറിച്ച് പറയുന്നുണ്ട്. അതിൽ നിന്നും മനസ്സിലാകുന്നത് പ്രജകളെല്ലാം സന്തുഷ്ടരായിരുന്നുവെന്നാണു. പിന്നെ എങ്ങനെ ഈ മണ്ണാൻ ഉദയം ചെയ്തു. രാമൻ രാജ്യം ഭരിക്കുമ്പോൾ ജനങ്ങളുടെ സംസാരം രാമനിൽ കേന്ദ്രീകരിച്ച് മാത്രമായിരുന്നു, രാമ, രാമ എന്നു ജപിക്കും പോലെ. രാമരാജ്യം എന്ന പേരു അങ്ങനെ വന്നു. രാമരാജ്യം ഒരു ഹിന്ദു രാജാവിന്റെ ഭരണമായി ഇപ്പോൾ നാനവിധ മതങ്ങളുള്ള ഭാരതത്തിൽ തെറ്റിദ്ധരിക്കപ്പെടുന്നുണ്ടെങ്കിലും അതു അർത്ഥമാക്കുന്നത് പ്രജകളുടെ ക്ഷേമം നോക്കി ഭരിച്ച ഒരു രാജവിനെപ്പറ്റിയാണു. രാമന്റെ ഭരണത്തെക്കുറിച്ച് വാൽമികി പറഞ്ഞത് തന്നെ എഴുത്തച്ഛനും എഴുതിയിരിക്കുന്നു. എഴുത്തച്ഛന്റെ മലയാള വിവർത്തനം വായിക്കുക.

വിശ്വപവിത്രയാം കീർത്തിയും പൊങ്ങിച്ചു
നിശ്ശേഷ സൗഖ്യം വരുത്തി പ്രജകൾക്ക്
വിശ്വമെല്ലാം പരിപാലിച്ചരുളിനാൻ.
വൈധവ്യദുഃഖം വനിതമാർക്കില്ലൊരു
വ്യാധിഭയവുമൊരുത്തർക്കുമില്ലല്ലോ
ബാലമരണമകപ്പെടുമാറില്ല
കാലേ വരിഷിക്കുമല്ലോ ഘനങ്ങളും
.....
സാകേതവാസികളായ ജനങ്ങൾക്ക്
ലോകാന്തരസുഖമെന്തോന്നിതിൽപ്പരം
വൈകുണ്ഠലോകഭോഗത്തിനു തുല്യമായ്
ശോകമോഹങ്ങളകന്നു മേവീടിനാർ

അപവാദവുമായി മണ്ണാൻ വരുന്നതും, സീതപരിത്യാഗവും, ശംബുക വധവും തുടങ്ങി പലതും വാൽമീകി രാമയണത്തോട് കൂട്ടിച്ചേർത്തുവെന്ന് (പ്രക്ഷിപ്തം=interpolation) വിശ്വസിക്കതക്കവിധമുള്ള വാദഗതികൾ സൂക്ഷ്മമായി രാമയണം വായിക്കുമ്പോൾ അറിയുന്നു. ഒരു പക്ഷെ ബ്രാഹ്മണ മേധാവിത്വം നിലനിർത്താൻ വേണ്ടി എഴുതിചേർത്തതാവാം. എന്നാൽ അവയൊന്നും യുക്തിക്ക് നിരക്കുന്നവയല്ല. ചില ഉദാഹരണങ്ങൾ മാത്രം നോക്കാം. രാമൻ ഭരിക്കുമ്പോൾ പ്രജകൾ ആയിരം വർഷം വരെയൊക്കെ ജീവിച്ചിരുന്നുവെന്നു വാൽമികി എഴുതുന്നു. അന്നു ബാലമരണങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഉത്തരകാണ്ഡത്തിൽ ഒരു ബ്രാഹ്മണ ശിശുമരിച്ചുവെന്നും അതിനു കാരണം മോക്ഷപ്രാപ്തിക്കയി ഒരു ശൂദ്രൻ തപസ്സു ചെയ്യുന്നത്കൊണ്ടാണെന്നു. വിവരം ശ്രീരാമനെ ധരിപ്പിച്ചപ്പോൾ അദ്ദേഹം ശംബൂകൻ എന്ന ആ ശൂദ്രനെ വധിച്ചതായി

പറയുന്നുണ്ട്. ബ്രഹ്മണനെക്കാൾ മഹത്വം ഒരു ക്ഷത്രിയ രാജാവിനു വേണ്ടെന്ന് തോന്നിയ ഏതൊ ബ്രഹ്മണൻെറ കുബുദ്ധിയിൽ നിന്നുമുണ്ടായ ഒരു ആശയമായിരിക്കാമിതു. അത്തരം കഥകൾ കുത്തികയറ്റിയവർ വായനകാരെ വിശ്വസിപ്പിക്കാവുന്ന അടവുകൾ ഉപയോഗിക്കുന്നുണ്ട്. ശൂദ്രൻ തപസ്സ് ചെയ്തത് ഇന്ദ്ര ലോകം കരസ്ഥമാക്കാനാണ്. അതു ശരിയല്ല. അപ്പോൾ അവൻ മരണശിക്ഷക്ക് അർഹനാണ്.

വാൽമികി വളരെ വ്യക്തമായി പറയുന്നുണ്ട്. രാമൻ ഭരിക്കുമ്പോൾ എല്ലാ ജീവജാലങ്ങളും സന്തുഷ്ടരായിരുന്നു. എല്ലാവരും നന്മ മാത്രമേ ചിന്തിച്ചിരുന്നുള്ളു. പരസ്പരം ഹിംസ ചെയ്തിരുന്നില്ല എല്ലാവരും രാമനെ മാത്രം ധ്യാനിച്ച് നടന്നു. അങ്ങനെയുള്ള ഒരു രാജ്യത്ത് എങ്ങനെ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നു എന്നു ന്യായമായി സംശയിക്കാവുന്നതാണ്. ഒരു പക്ഷെ സദാചാര ഗുണ്ടായിസവും, പരദൂഷണവുമൊക്കെ ഒരു രാജ്ഞിക്ക് അവരുടെ സ്ഥാനമാനങ്ങൾ നഷ്ടമാകാൻ കാരണമായി, അവരുടെ ഭർത്താവ് വിരഹ ദുഃഖവും പേറി കാലം കഴിച്ചു, മര്യാദപുരുഷോത്തമൻ എന്ന പേരിനു അർഹനല്ലെന്ന വാദത്തിനു ഇരയായി, മുഴുവൻ അയോദ്ധ്യപുരിയും ഇത്തരം സംസാരവിഷയങ്ങൾ കൊണ്ട് മലിനമായി എന്നൊക്കെ ജനങ്ങളെ  ധരിപ്പിക്കാൻ ചേർത്ത സംഭവങ്ങളായിരിക്കാം. അല്ലെങ്കിൽ എല്ലാ നന്മകളും ലഭിച്ചാലും മനുഷ്യർ അവരിൽ കുടികൊള്ളുന്ന കുടിലത പുറത്തെടുത്ത് തൻേറയും മറ്റുള്ളവരുടേയും ജീവിതം ദുസ്സഹമാക്കുമെന്ന സൂചന തരുകയുമാകാം.

ശ്രീരാമചന്ദ്രനെക്കുറിച്ച് എത്രയോ കഥകൾ നിറഞ്ഞ് കിടക്കുന്നു. എഴുത്തഛൻ എഴുതിയപോലെ ''കഥയ മമ കഥയ മമ കഥകളതിസാദരം , കാകുൽസ്ഥ ലീലകൾ കേട്ടാൽ മതിവരാ''.

പുരാണങ്ങളിലും ഇതിഹാസങ്ങളിലുമെല്ലാം സ്വാർത്ഥതൽപ്പരർ പലതും കൂട്ടിചേർത്തിയിട്ടുണ്ടു. അതെല്ലാം മനസ്സിലാക്കാനും അതെപ്പറ്റി ചിന്തിക്കാനും ഈ രാമായണമാസം എല്ലാവർക്കും വിവേകം നൽകട്ടെ എന്നു ആശിക്കുന്നു.

**ശുഭം**